I. ഇ.ബി. XV-കേരള നിയമസഭ/XIV-8

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 ഒക്ടോബർ 6, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.06-ന് നിർത്തിവച്ച സഭ 9.58-ന് പുനരാരംഭിച്ചു).

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേക്ക് കടന്നു.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ചരിത്രത്തിൽ ഏറ്റവും കൂടുതൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ച ചെയ്യതിലൂടെ ഈ സർക്കാരിന്റെ ആത്മവിശ്വാസവും ധൈര്യവും ജനാധിപത്യബോധവുമാണ് വ്യക്തമാകുന്നത്. ഈ സമ്മേളനത്തിൽ ഇതുവരെ നാലുതവണയാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്തത്. നടപടിക്രമമനുസരിച്ച് നോട്ടീസുപോലും നൽകാതെ സഭാനടപടികൾ തടസ്സപ്പെടുത്തുന്ന പ്രതിപക്ഷ നിലപാട് സഭയോടും കേരളത്തിലെ ജനങ്ങളോടും ജനാധിപത്യത്തോടുമുള്ള അനാദരവാണ് പ്രകടമാക്കുന്നത്.

## I ശ്രദ്ധക്ഷണിക്കൽ

### പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കേണ്ടതിന്റെയും അരേകാപ്പ്-വീരാങ്കുടി ആദിവാസി നഗറിലെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. കെ. കെ. രാമചന്ദ്രൻ: സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും മലയാറ്റൂർ വനമേഖലയിലെ അരേകാപ്പ്-വീരാങ്കുടി ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലയാറ്റൂർ വനമേഖലയിലെ അരേകാപ്പ്-വീരാങ്കുടി ആദിവാസി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പട്ടികവർഗ വികസനം, വനം, റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്തയോഗം ചേർന്ന് തുടർനടപടി സ്വീകരിച്ചുവരികയാണ്. ലാൻഡ് ബാങ്ക് പദ്ധതി, വനാവകാശ നിയമം എന്നിവ പ്രകാരവും മിച്ചഭൂമിയിൽ ഉൾപ്പെടുത്തിയും പരമാവധി ഭൂമി ലഭ്യമാക്കി സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വന്യമൃഗ ശല്യത്തെത്തുടർന്ന് അനുവദിക്കപ്പെട്ട ഭൂമി ഉപേക്ഷിക്കുന്ന ആദിവാസികൾക്ക് പകരം ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(നോട്ടീസ് നൽകിയ അംഗം ശ്രീമതി കെ. കെ. രമ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## II സബ്മിഷൻ

റൺവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസിപ്പിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ മറ്റ് സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദേശിച്ചു.)

## III മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും.

(2) സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും.

(3) സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്.

(4) സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും.

(5) സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും.

(6) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ അറുപത്തിയേഴ് മുതൽ എഴുപത്തിരണ്ടുവരെയുള്ള റിപ്പോർട്ടുകൾ.

## V **ധനകാര്യം**

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

(ചർച്ച നടന്നില്ല)

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VI നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ: 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ

പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: സംസ്ഥാനത്തെ ഭൂരേഖകൾക്ക് കൂടുതൽ കൃത്യത വരുത്തുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ബില്ലാണിത്. ഡിജിറ്റൽ സർവെയിലൂടെ കണ്ടെത്തിയ വ്യക്തികളുടെ കൈവശമുള്ള അധിക ഭൂമിയുടെ ഉടമസ്ഥാവകാശം ക്രമവത്കരിക്കുക എന്നതാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. സർക്കാർ ഭൂമി സംരക്ഷിച്ചുകൊണ്ട് കൈവശക്കാരന് തർക്കരഹിത അധിക ഭൂമി ക്രമവത്കരിച്ച് നൽകുന്നതിലൂടെ മറ്റാർക്കും ഭൂമി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകില്ല.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവകലാശാലയിലെ വൈസ് ചാൻസലറെ തിരഞ്ഞെടുക്കുന്നതിനുള്ള സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ ആരൊക്കെ അംഗങ്ങളായിരിക്കണമെന്നും വൈസ് ചാൻസലറുടെ ഒഴിവ് വരുന്നതിന് മൂന്ന് മാസംമുമ്പെങ്കിലും കമ്മിറ്റി രൂപീകരിക്കണമെന്നും രൂപീകരിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ മൂന്ന് പേരുകൾ അടങ്ങുന്ന പാനൽ ഏകകണ്ഠമായോ ഭൂരിപക്ഷ തീരുമാനപ്രകാരമോ തയ്യാറാക്കി ചാൻസലർക്ക് സമർപ്പിക്കണമെന്നും അതിൽനിന്നും ഒരാളെ ചാൻസലർ വൈസ് ചാൻസലറായി നിയമിക്കണമെന്നും അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധി നിയമിക്കപ്പെടുന്ന തീയതി മുതൽ നാല് വർഷമോ അല്ലെങ്കിൽ 70 വയസ് പൂർത്തിയാകുന്ന തീയതി വരെയോ, ഏതാണോ ആദ്യം വരുന്നത് അതുവരെയായിരിക്കുന്നതാണെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) 2025-ലെ മലയാളഭാഷാ ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ മലയാളഭാഷാ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2025-ലെ മലയാളഭാഷാ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഇതര സംസ്ഥാന ഭാഷാ ന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്. മലയാള ഭാഷാ വികസന വകുപ്പ്, ഡയറക്ടറേറ്റ് എന്നിവ രൂപീകരിക്കുന്നതിനും ഓർഡിനൻസുകൾ, ബില്ലുകൾ, ആക്റ്റുകൾ എന്നിവ മലയാളത്തിൽ തയ്യാറാക്കുന്നതിനും ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രധാനപ്പെട്ട കേന്ദ്ര-സംസ്ഥാന ആക്റ്റുകളുടെയും ചട്ടങ്ങളുടെയും മലയാള പരിഭാഷ നിശ്ചിത കാലയളവിനുള്ളിൽ തർജമ ചെയ്യുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യത്തിലും തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റ് ഭാഷക്കാരുമായുള്ള കത്തിടപാടുകളിലും ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണെന്നും ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാനാവശ്യമായ വിധിന്യായങ്ങൾ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി നൽകുന്നതിനുള്ള സംവിധാനം ജില്ലാതലത്തിൽ ഏർപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 2025-ലെ മലയാളഭാഷാ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iv) 2025-ലെ കേരള പൊതു സേവനാവകാശ ബിൽ

ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): '2025-ലെ കേരള പൊതു സേവനാവകാശ ബിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ കേരള പൊതു സേവനാവകാശ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2025-ലെ കേരള പൊതു സേവനാവകാശ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. രാജീവ്</u>: 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമല്ലെന്ന് കണ്ടെത്തിയതിനാലാണ് നിലവിലുള്ള നിയമം റദ്ദ് ചെയ്തുകൊണ്ട് ഈ ബിൽ തയ്യാറാക്കിയിരിക്കുന്നത്. കേരള സംസ്ഥാന സേവനാവകാശ കമ്മീഷൻ രൂപീകരിക്കുന്നതിനും സേവനങ്ങൾ ലഭിക്കേണ്ട മേഖലകളെ സംബന്ധിച്ചും സേവനങ്ങൾ പ്രദാനം ചെയ്യേണ്ട സമയപരിധി നിർണ്ണയിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ബില്ലിലുൾപ്പെടുത്തിയിട്ടുണ്ട്. സേവനം കൃത്യസമയത്ത് ലഭിക്കുന്നില്ലെങ്കിൽ ഒന്നാം അപ്പീലിനും അതിന്മേൽ യഥാസമയം തീരുമാനമുണ്ടായില്ലെങ്കിൽ രണ്ടാം അപ്പീലിനുമുള്ള അവകാശവും സേവനം നിഷേധിക്കുകയോ വൈകിപ്പിക്കുകയോ പൂർണ്ണമായി നൽകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥയും ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

<u>മി. സ്പീക്കർ</u>: 2025-ലെ കേരള പൊതു സേവനാവകാശ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(v) <u>2025-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ</u>

(vi) <u>2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ</u>

<u>ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): '2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും

സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (5)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ആർ. ബിന്ദു: 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡോ. ആർ. ബിന്ദു: സിൻഡിക്കേറ്റുകൾ രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരണമെന്നാണ് നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സിൻഡിക്കേറ്റിലെ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർഥിക്കുന്നപക്ഷം ഏഴുദിവസത്തിനുള്ളിൽ യോഗം വിളിച്ചുചേർക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതി ബില്ലുകൾ കൊണ്ടുവന്നിരിക്കുന്നത്. വൈസ് ചാൻസലർമാർ ബാഹ്യ സമ്മർദങ്ങൾക്ക് വഴങ്ങി തീരുമാനങ്ങളെടുക്കുകയും

നിയമസംവിധാനങ്ങൾ ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ സിൻഡിക്കേറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടത് സർവകലാശാലകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കും വിദ്യാർഥി സമൂഹത്തിന്റെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനും അത്യന്താപേക്ഷിതമാണ്.

മി. സ്പീക്കർ: 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

## VII അറിയിപ്പ്

ഭേദഗതികൾക്ക് നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 2025 ഒക്ടോബർ 9, 10 തീയതികളിൽ സഭ മുമ്പാകെ വരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപത്തിനുള്ള ഭേദഗതി നോട്ടീസുകൾ നൽകുന്നതിനുള്ള സമയം യഥാക്രമം ഒക്ടോബർ 6, 7 തീയതികളിൽ ഉച്ചയ്ക്കുശേഷം 3.00 മണി വരെയായും വകുപ്പ് തിരിച്ചുള്ള ഭേദഗതികൾക്ക് നോട്ടീസ് നൽകുന്നതിനുള്ള സമയം അന്നേ ദിവസങ്ങളിൽ രാത്രി 8.00 മണി വരെയായും പുനഃക്രമീകരിച്ചിരിക്കുന്നു.

സഭ രാവിലെ 10.50-ന് പിരിഞ്ഞു.

********